30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 525(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3331/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 30.12.2021**

അഡ്വ. ബിനീഷ് പി. ചാക്കോ,
പനച്ചിങ്കൽ ഹൗസ്,
മലകുന്നം പി.ഒ,
ചങ്ങനാശ്ശേരി – 686 535.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ് ഡ്രാഫ്റ്റ്സ്മാൻ,
   സെൻട്രൽ സർവ്വെ ഓഫീസ്,
   തിരുവനന്തപുരം – 14.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് ഡയറക്ടർ (I/C),
   സെൻട്രൽ സർവ്വെ ഓഫീസ്,
   വഴുതക്കാട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/06/2021, 21/12/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 23/12/2021<br>PWD റസ്റ്റ് ഹൗസ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ അഡ്വ. ബിനീഷ് പി. ചാക്കോ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിന് ഒന്നാം എതിർകക്ഷി വിവരാവകാശ നിയമത്തിനു വിരുദ്ധമായി ഉയർന്ന ഫീസും നികുതിയും ആവശ്യപ്പെട്ടുവെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും രണ്ടാം എതിർകക്ഷി അപ്പീൽ വാദങ്ങൾ പൂർണ്ണമായും പരിഗണിക്കാതെ ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ട ഉയർന്ന ഫീസ് നൽകുവാൻ നിർദ്ദേശിച്ചുവെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 08.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, എതിർകക്ഷി ഓഫീസിന്റെ കസ്റ്റഡിയിൽ ഉള്ള കോട്ടയം ജില്ല, ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് നം. 02 ഉൾപ്പെട്ട Block Map (Resurvey) (One sheet) രേഖയുടെ പകർപ്പാണ്.

3. ഹർജിക്കാരന്റെ 08.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 10.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 11.01.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 24.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ബ്ലോക്ക് മാപ്പ് എതിർകക്ഷി ഓഫീസിൽ ലഭ്യമാണെന്നും ആയതിന്റെ പകർപ്പിനായി ടി കാര്യാലയത്തിൽ ഹാജരായി റിക്കാർഡ് പരിശോധിച്ച് ബോധ്യം വന്ന ശേഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള നിയമാനുസൃത ഫീസായ ബ്ലോക്ക് മാപ്പ് പകർപ്പ് ഷീറ്റൊന്നിന് 785/- രൂപ ( 665 + നികുതി 120) നിരക്കിൽ 2 ഷീറ്റിന് 1570/- രൂപ നേരിട്ട് ഒടുക്കിയോ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ 0029-00-800-92-other items എന്ന ശീർഷകത്തിൽ ഒടുക്കി അസ്സൽ ചലാൻ ഹാജരാക്കിയാൽ റിക്കാർഡ് പകർപ്പ് തപാൽ മാർഗ്ഗം കൈപ്പറ്റാവുന്നതാണെന്ന വിവരം 25.11.2020 ൽ ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നും ടി മറുപടിയിൽ ഒന്നാം എതിർകക്ഷി 0029-00-800-92-other items എന്ന

ശീർഷകത്തിൽ തുക ഒടുക്കാൻ ആവശ്യപ്പെട്ടതും വിവരാവകാശ നിയമത്തിന്റെ കീഴിൽ വരുന്ന രേഖകൾക്ക് നികുതി ആവശ്യപ്പെട്ടിട്ടുള്ളതും നിയമവിരുദ്ധമാണെന്നും ആരോപിച്ചാണ് ടിയാൻ അപ്പീൽ ഫയൽ ചെയ്തതെന്നുമാണ്. ബഹു. സർവ്വെ ഡയറക്ടറുടെ 29.03.2019 ലെ DSLR/1168/19/D1 നമ്പർ ഉത്തരവ് പ്രകാരം സർവ്വെ വകുപ്പിൽ വിതരണം ചെയ്യുന്ന റിക്കാർഡുകൾക്ക് ഫീസ് നിശ്ചയിച്ചിട്ടുള്ളതാണെന്നും ആയതിനാലാണ് 0029-00-800-92-other items എന്ന ശീർഷകത്തിൽ ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടതെന്നും ബഹു. ഹൈക്കോടതിയുടെ W.P(C) 35173/19(V) നമ്പർ ഉത്തരവ് പ്രകാരം സർവ്വെ രേഖകളുടെ പകർപ്പുകൾ വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രം ഈടാക്കിയാൽ മതിയെന്നുള്ള സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ടുള്ള ഉത്തരവ് ബഹു. സർവ്വെ ഡയറക്ട്രേറ്റിൽ നിന്നും ടി ഓഫീസിലേക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിനാലാണ് സർവ്വെ വകുപ്പ് നിശ്ചയിച്ച ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടതെന്നും സർവ്വെ ഡയറക്ടറുടെ 11.03.2021 ലെ ഉത്തരവ് പ്രകാരം സർവ്വെ സ്കെച്ചുകൾക്ക് നികുതി ഒഴിവാക്കിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

5. ഒന്നാം എതിർകക്ഷി 16.12.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ റിക്കാർഡ് പകർപ്പിന്റെ ഫീസ് ഇനത്തെ സംബന്ധിച്ച് വളരെ വിശദമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അപേക്ഷകന് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ റിക്കാർഡ് പകർപ്പുകളുടെ ഫീസ് വിവരം വ്യക്തമാക്കികൊണ്ട് മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ മറ്റൊരു അപേക്ഷ പ്രകാരം ടിയാൻ ആവശ്യപ്പെട്ട റിക്കാർഡുകൾ നൽകിയിട്ടുള്ളതുമാണെന്നാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

**6.** അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്കും എതിർകക്ഷികൾ മറുപടികൾ നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 23.12.2021 ൽ കമ്മീഷൻ കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ഹിയറിം

ഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ഹർജിക്കാരൻ 08.11.2020 ലെ നിലവിലെ അപേക്ഷയ്ക്ക് ശേഷം ഇതേ വിഷയത്തിൽ 21.12.2020 ലും ഒരു അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതിൽ ബഹു. കമ്മീഷന്റെ 18.08.2021 ലെ ഉത്തരവ് പ്രകാരം ടിയാൻ ആവശ്യപ്പെട്ട ബ്ലോക്ക് മാപ്പ് ടിയാന് നൽകിയിട്ടുള്ളതാണെന്നും ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ടിയാന്റെ തന്നെ മറ്റൊരു വിവരാവകാശ അപേക്ഷയിൽ ബഹു. കമ്മീഷന്റെ 18.08.2021 ലെ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും ടി എതിർകക്ഷി 16.12.2021 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, ടി അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm